Dated : 24/08/2021

# യുവാക്കളെ കൊലപ്പെടുത്താൻ ശ്രമിച്ചവർ അറസ്റ്റിൽ

കൊല്ലം : മഴു ഉപയോഗിച്ച് യുവാക്കളെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചവർ പോലീസ് പിടിയിലായി. മീയണ്ണൂർ ശാസ്താംപൊയ്ക വിജിത മന്ദിരത്തിൽ ബിജു മകൻ വിജേഷ് (18), ശാസ്താംപൊയ്ക ഇടയിലഴികത്തു വീട്ടിൽ മനാഫ് മകൻ അഖിൽ (18) എന്നിവരാണ് പോലീസ് പിടിയിലായത്. തിരുവോണ ദിവസം വൈകുന്നേരം ബന്ധു വീട്ടിൽ നിന്ന ശാസ്താംപൊയ്ക സ്വദേശികളായ ശ്യാം, മനോജ് എന്നിവരെയാണ് കൊലപ്പെടുത്താൻ ശ്രമിച്ചത്. ഇവരുടെ സുഹൃത്തായ സുര എന്നയാളിനെ വിജേഷ് ആക്രമിക്കാൻ ശ്രമിച്ചപ്പോൾ തടഞ്ഞതിന്റെ വിരോധത്തിലാണ് ഇവർ ആക്രമിച്ചത്. ചിരവ തടി വച്ച് അടിച്ച് വീഴ്ത്തിയതിന് ശേഷമാണ് മഴു വച്ച് വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചത്. ഗുരുതരമായി പരിക്കേറ്റ ഇവരെ പാരിപ്പള്ളി മെഡിക്കൽ കോളേജിലേക്കും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കും കൊണ്ട് പോയി. കണ്ണനല്ലൂർ ഇൻസ്പെക്ടർ വിപിൻകുമാർ യു.പിയുടെ നേതൃത്വത്തിൽ എസ്സ്.ഐ സജീവ്.ഡി, എ.എസ്സ്.ഐമാരായ സതീശൻ, പ്രദീപ് എന്നിവരടങ്ങിയ സംഘമാണ് മീയണ്ണൂർ സ്വകാര്യ മെഡിക്കൽ കോളേജിന് സമീപത്തു നിന്നും പ്രതികളെ അറസ്റ്റ് ചെയ്തത്. ഇവരെ റിമാന്റ് ചെയ്തു



വിജേഷ് (18) അഖിൽ (18)

# ക്വാറന്റെൻ ലംഘിച്ച കുരീപ്പുഴ സ്വദേശി അറസ്റ്റിൽ

കൊല്ലം : കോവിഡ് പകർച്ച വ്യാധി പിടിപെട്ട് ക്വാറന്റെനിൽ കഴിയവേ സ്വൈര്യ സഞ്ചാരം നടത്തിയ കുരീപ്പുഴ സ്വദേശിയെ കൊല്ലം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു. പോലീസ് നടത്തിയ ക്വാറന്റെൻ പരിശോധനയിൽ ഇയാൾ വീട്ടിലില്ലായെന്ന് മനസിലാക്കി പിടികൂടുകയായിരുന്നു. പോലീസ് പിടികൂടിയ ഇയാളെ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ ഡോമിസിലറി കെയർ സെന്ററിലേക്ക് മാറ്റി. ഇയാൾക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമ പ്രകാരവും കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ക്വാറന്റെനിൽ കഴിയുന്നവർ പൊതുസമൂഹവുമായി അകലം പാലിക്കണമെന്നും ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.